# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 758** **08.10.2016 ൽ മറുപടിയ്ക്ക്**

## സ്റ്റാർട്ട് അപ് വില്ലേജ് പദ്ധതിയുടെ രണ്ടാം ഘട്ട പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. ഒ. ആർ. കേളു | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി ) |
| (എ) | സംസ്ഥാനത്ത് സ്റ്റാർട്ട് അപ് വില്ലേജ് പദ്ധതിയുടെ രണ്ടാംഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്നുള്ള വിശദാംശം നൽകുമോ; | (എ) യും (ബി ) യും (സി) യും | കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ധന സഹായത്തോടെ ടെക്നോപാർക്കിന്റെ മേൽനോട്ടത്തിൽ മോബ്മി എന്ന സ്വകാര്യ കമ്പനി ആരംഭിച്ച പദ്ധതിയാണ് സ്റ്റാർട്ടപ്പ് വില്ലേജ്. 2015-ൽ സ്റ്റാർട്ടപ്പ് വില്ലേജ്, ഭൗതീക ഇങ്കുബേഷൻ പ്രവർത്തനം നിർത്താൻ തീരുമാനിച്ചപ്പോൾ അവിടെ പ്രവർത്തിച്ചിരുന്ന സ്റ്റാർട്ടപ്പ് കമ്പനികളിൽ തുടരുവാൻ താല്പര്യമുള്ളവർക്ക് തുടർന്നും അവിടെ പ്രവർത്തിക്കുവാനുള്ള അവസരം നൽകി കേരളാ സ്റ്റാർട്ടപ്പ് മിഷന് കീഴിൽ കൊണ്ടുവന്നു എന്നതൊഴിച്ചാൽ സ്റ്റാർട്ടപ്പ് വില്ലേജിന്റെ പ്രവർത്തനങ്ങളിൽ വിവര സാങ്കേതിക വകുപ്പിനു കീഴിലുള്ള കേരളാ സ്റ്റാർട്ടപ്പ് മിഷന് നേരിട്ടോ അല്ലാതെയോ ഉള്ള യാതൊരു നിയന്ത്രണവുമില്ലായിരുന്നു. സംസ്ഥാന സർക്കാരിന്റെ ധനസഹായമോ നിയന്ത്രണമോ ഇല്ലാതിരുന്ന പദ്ധതിയായിരുന്നതിനാൽ മറ്റു വിവരങ്ങൾ ലഭ്യമല്ല. |
| (ബി) | പ്രധാനമന്ത്രിയുടെ സ്റ്റാർട്ട് അപ് ഇന്ത്യ പദ്ധതിയുമായി ബന്ധപ്പെടുത്തിയാണോ രണ്ടാം ഘട്ട പദ്ധതി വികസിപ്പിയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | യുവജനങ്ങളിൽ സംരംഭക സംസ്കാരം വളർത്തിയെടുക്കുന്നതിന് ഈ പദ്ധതി എങ്ങനെയെല്ലാം സഹായിക്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ? | | |

Anson D.M.

സെക്ഷൻ ഓഫീസർ